## സാമ്പത്തിക ഞെരുക്കം മൂലം അടച്ചുപൂട്ടിയ സ്ഥാപനത്തിനെതിരെ 25 ലക്ഷം രൂപയുടെ ഡാമേജസ് ചുമത്തിയത് റദ്ദാക്കി

### മദ്രാസ് ഹൈക്കോടതി

C.M.A. No. 853/2011 Dt. 9.8.2018

ഇ.എസ്.ഐ. കോർപ്പറേഷൻ
x
ശ്രീവില്ലിപുത്തൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്
മിൽസ് ലിമിറ്റഡ്

ഇ.എസ്.ഐ. നിയമം ബാധകമായ വ്യവസായ സ്ഥാപനം 1992 മുതൽ വിഹിതമടയ്ക്കുന്നതിൽ കാലവിളംബം വരുത്തി. 93 ദിവസം മുതൽ 2115 ദിവസം വരെ കാലതാമസം വരുത്തിയതിനു ശേഷമാണ് സ്ഥാപനം വിഹിതമടച്ചത്. സാമ്പത്തിക ഞെരുക്കം മൂലമാണ് സ്ഥാപനം വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായപ്പോൾ 2003 ജൂൺ 30-ാം തീയതി സ്ഥാപനം അടച്ചുപൂട്ടി. അതുവരെയുള്ള വൈദ്യുതി കുടിശിക അടച്ചുതീർക്കാൻ സ്ഥാപനം വളരെ കഷ്ടപ്പെട്ടു. അപ്രകാരമിരിക്കെ 2005 ഏപ്രിൽ മാസത്തിൽ സ്ഥാപനത്തെ പീഡിത യൂണിറ്റായി സർക്കാർ പ്രഖ്യാപിച്ചു. ഉടനെത്തന്നെ 1992 മുതൽ 2003 വരെയുള്ള കാലയളവിൽ വിഹിതമടയ്ക്കാൻ സ്ഥാപനം കാലതാമസം വരുത്തിയതിന് ഇ.എസ്.ഐ. കോർപ്പറേഷൻ 25 ലക്ഷത്തോളം രൂപയുടെ ഡാമേജസ് ചുമത്തി ഉത്തരവിട്ടു. വിഹിതമടയ്ക്കാൻ വൈകിയത് മനഃപൂർവ്വമല്ലെന്നും സാമ്പത്തിക ഞെരുക്കം മൂലമാണെന്നും മേനേജ്മെന്റ് ബോധിപ്പിച്ചത് അവഗണിച്ചുകൊണ്ടാണ് ഇ.എസ്.ഐ. അധികൃതർ ഡാമേജസ് ചുമത്തിയത്. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. സ്ഥാപനം വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയത് ദുരുദ്ദേശ്യത്തോടെയല്ലെന്നും മനഃപൂർവ്വമല്ലെന്നും വിലയിരുത്തിയ ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് ഭാഗികമായി റദ്ദാക്കുകയും മൊത്തം ഡാമേജസിന്റെ 10% മാത്രം സ്ഥാപനം അടച്ചാൽ മതിയെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തുടർന്ന് സ്ഥാപനവും അപ്പീൽ സമർപ്പിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയാൽ ഡാമേജസ് ചുമത്താൻ നിയമപരമായി അധികാരമുണ്ടെന്ന് കോർപ്പറേഷൻ വാദിച്ചു. പീഡിത വ്യവസായ യൂണിറ്റിനെ പിഴ ശിക്ഷയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കേണ്ടതാണെന്ന് സ്ഥാപനം വാദിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയതിൽ ദുരുദ്ദേശ്യമില്ലാത്തതിനാലും ഡാമേജസ് ചുമത്തിയത് പതിമൂന്ന് വർഷത്തിനു ശേഷവും സ്ഥാപനം അടച്ചുപൂട്ടിയതിനു ശേഷവും ആയതിനാലും ഡാമേജസ് ചുമത്തിയത് ന്യായീകരിക്കാനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവും റദ്ദാക്കുകയും സ്ഥാപനത്തെ ഡാമേജസ് അടയ്ക്കേണ്ട ബാധ്യതയിൽ നിന്ന് പൂർണ്ണമായി വിമുക്തമാക്കുകയും ചെയ്തു.